**(സംഭവകഥ)**

# ഒരു സെൽഫോണും, സിം കാർഡും, പിന്നെ ഞാനും

**(ജോർജ്ജ് ഓലിക്കൽ)**

അമിത്  പട്ടേൽ എന്ന വ്യക്തിയെ നേരിൽ  കണ്ടിട്ടില്ല......

ഇനി പറയാൻ പോകുന്ന കാര്യങ്ങൾ  അറിയുമ്പോൾ തോന്നാം ഇതാണോ ഇത്ര വലിയ  കാര്യമെന്ന്............

മുൻവിധിയോടെ ഇങ്ങനെ  ഒരനുമാനത്തിൽ എത്തിയതിൽ ക്ഷമിക്കുക............

പ്രവാസ ജീവിതം മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുന്പോൾ പ്രകാശം പരത്തുന്നതും അതോടൊപ്പം ഇരുൾ നിറഞ്ഞതുമായ നിരവധി സംഭവങ്ങൾ ഒരു തിരശ്ശീലയിലൂടെന്നവണ്ണം മനസ്സിലൂടെ കടന്നു വരാറുണ്ട് പ്രത്യേകിച്ചും ചില രാത്രികളിൽ ഓർമ്മകൾ കേറി ഉടക്കും, പിന്നെ ആ രാത്രി ഉറക്കം കമ്മിയാകും....അങ്ങനെ ഒരു രാത്രിയിലാണ് ഈ ഓർമ്മ വീണ്ടും കടന്നു  വന്നത്......

യാത്രകളാണല്ലോ മനുഷ്യന് പല തരത്തിലുള്ള അനുഭവങ്ങൾ സമ്മാനിക്കുന്നത്, അങ്ങനെയൊരു യാത്രയിൽ ഉണ്ടായ ഒരു ചെറിയ കാര്യമാണെൻകിലും അത് മനസ്സിനെ സ്പർശിച്ചതു കൊണ്ടായിരിക്കാം ഒരു പക്ഷെ ഓർമ്മയിൽ കടന്നു വന്നത്.

യാത്രകളെ എന്നും ഇഷ്ടപ്പെട്ടിരുന്നു.  കാഴ്ചകൾ കാണുക അതിനുമപ്പുറം വിശാലമായ ഈ ലോകത്തിന്റെ സ്പന്ദനങ്ങളും തുടിപ്പുകളും കണ്ടറിയുവാനും കേൾക്കുവാനുമുള്ള അവസരം കൂടിയായിട്ടാണ് യാത്രകളെ കണ്ടിരുന്നത്.........

ക്ഷമിക്കണം, മനസ്സിന്റെ കാര്യം പോലെ കടിഞ്ഞാണില്ലാതെ ഓരോ കാര്യങ്ങളിലേക്ക് കടക്കുന്നു......

ഇതു തന്നെയാണ് ആ രാത്രിയിലും സംഭവിച്ചത്.....,....

അമേരിക്കൻ ജീവിതത്തിലെ അന്ത:സ്സാര ശുന്യമായ മുഖങ്ങൾ കണ്ട് മടുക്കുന്പോൾ ഗൃഹാതുരത്വമുണർത്തുന്ന ചിന്തകളാൽ മനസ്സ് തരളിതമാകും.

"ഓം ശാന്തി  ഓശന " എന്ന സിനിമയിൽ നായികയുടെ അച്ഛനായ ഡോക്ടർ തന്റെ പ്രവാസിയായ സുഹൃത്തിനോട് ഫോണിൽ എപ്പോഴും നാട്ടിലെ ഹരിതാഭയും , പച്ചപ്പിനെയുംപ്പറ്റി  പറഞ്ഞ് നാട്ടിലേക്ക് തിരിച്ചു ചെല്ലാൻ ക്ഷണിക്കുന്നതുപോലെ വാഴയും പൈനാപ്പിളുമുള്ള സ്വന്തം നാടായ വാഴക്കുളം മാടിവിളിക്കുന്നു   എന്ന തോന്നൽ  മനസ്സിൽ ഉണ്ടാകുന്പോൾ, അതിന്റെ പാരമ്യതയിൽ നാട്ടിലേയ്ക് ടിക്കറ്റ് ബുക്ക് ചെയ്യും അങ്ങെന ഒരു മാസത്തെ അവധി തരമാക്കി ഒരു സെപ്തംബറിൽ നാട്ടിലേക്ക് വിമാനം കയറി...........

വീട്ടുകാരെയും കാർന്നോമ്മാരെയും കാണുക പിന്നെ ഒരു ഉഴിച്ചിലും പിഴിച്ചിലും നടത്തി തിരികെ പോരുന്പോൾ ലണ്ടനിൽ ഇറങ്ങി ചില ബന്ധുമിത്രാദികെള സന്ദർശിക്കുക, ഒരാഴ്ച അവിടെ കറക്കം അങ്ങനെ ബഹുമുഖ പരിപാടികളാണ് പ്ലാൻ ചെയ്തിരുന്നത്.........

നാട്ടിൽ എത്തുന്പോൾ തന്നെ ഗൃഹാതുരത്വമെല്ലാം പമ്പ കടക്കും, ഗതാഗതക്കുരക്ക്, ബന്ത്, ഹർത്താൽ, പിന്നെ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയുമെല്ലാം തിരക്ക്, എന്തിനോ വേണ്ടി എങ്ങോട്ടോ പായുന്ന ജനങ്ങൾ, ഇതെല്ലാമാണെൻകിലും മൂന്നാഴ്ചക്കാലം ജോലിയെപ്പറ്റിയോ മറ്റ് വ്യവഹാരങ്ങളെപ്പറ്റിയോ ചിന്തിക്കാതെ ആയിരക്കണക്കിന് മൈലുകൾക്കപ്പുറം എല്ലാം മറന്നൊന്നിരിക്കാനുള്ള അവസരം...........ഇതൊക്കെയാണ് നാട്ടിലേക്കുള്ള യാത്രയിൽ നിന്ന് ലഭ്യമാകുക................

എല്ലാം പെട്ടെന്ന് കഴിഞ്ഞു, മടക്കയാത്രയ്കുള്ള സമയമായി, ഇനിയും കാണാം എന്ന പ്രതീക്ഷ നൽകി മുൻ തീരുമാനമനുസരിച്ച് ലണ്ടനിൽ ഇറങ്ങി അവിടെ ഒരാഴ്ച വാസത്തിന് ശേഷം ന്യൂയോർക്കിലേക്കുള്ള വിമാനം കയറാനായി ഹീത്രൂ എയർപ്പോട്ടിലെത്തി, ചെക്ക് ഇൻ ചെയ്ത് ഫ്രൈയ് ററിൽ കയറിയ വിവരം എയർപ്പോർട്ടിൽ കൊണ്ടുവന്നു വിട്ട ബന്ധുവിനെ അറിയ്കാൻ സെൽഫോൺ തെരഞ്ഞപ്പോൾ കാണുന്നില്ല, എങ്ങോ എവിടെയോ നഷ്ടപ്പെട്ടു, "റെയിസർ ഫോൺ" ആദ്യമായി വിപണിയിൽ ഇറങ്ങിയ സമയമായിരുന്നു,

പുതിയ ഫോൺ, അതിനുള്ളിലെ സിം കാർഡ്, അമേരിക്കയിൽ നിന്ന് തിരിച്ചപ്പോൾ സുഹൃത്തിന്റെ പക്കൽ നിന്ന് നാട്ടിൽ ഉപയോഗിക്കാൻ കടം വാങ്ങിയതായിരുന്നു. ഫോൺ നഷ്ടപ്പെട്ടതിലല്ല വിഷമം, സിം കാർഡ് അതാണ് മനസ്സിനെ അലട്ടിയത് .... ലണ്ടനിലെ ട്രെയിൻ സ്റ്റേഷനിൽ ബോംബ് സ്പോടനം നടന്ന സമയമായിരുന്നു, തീവ്രവാദികൾ സെൽഫോണുകൾ മോഷ്ടിച്ച് അതിലെ സിം കാർഡ് തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന് കേട്ടിട്ടുണ്ട്.......

ഓർമ്മിക്കാൻ ശ്രമിച്ചു എവിടെ വച്ച് നഷ്ടപ്പെട്ടെന്ന്?...........സെക്യൂരിറ്റി ചെക്കിന് പോക്കറ്റിനുള്ളിലുള്ളതെല്ലാം പുറത്തെടുത്തപ്പോൾ സെൽഫോണും സ്ക്കാനിഗിന് കൺവെയർ ബൽറ്റിൽ വച്ചത് ഓർമ്മിച്ചു......ഒരു പക്ഷെ അവിടെ വച്ചായിരിക്കാം നഷ്ടപ്പെട്ടിരിക്കുക.....

യാത്രയുടെ സുഖമെല്ലാം അവസാനിച്ചതുപോലെ തോന്നി......... സുഹൃത്തിനോട് എന്തു പറയും... സിം. കാർഡ് അനധികൃതമായി ഉപയോഗിച്ചാൽ എന്തു സംഭവിക്കും എന്നിങ്ങനെയുള്ള ചിന്തകളുമായി വീട്ടിലെത്തി, സംഭവിച്ചതെല്ലാം സുഹൃത്തിനെ പറഞ്ഞു മനസ്സിലാക്കി വേണ്ടത് ചെയ്യാമെന്ന് ഉറപ്പുകൊടുത്തു, എന്നാലും സിം കാർഡ് മനസ്സിനെ അലട്ടികൊണ്ടിരുന്നു.............

ജോലിയും മറ്റു തിരക്കുകളുമായി ജീവിതം മുന്പോട്ടു പോകുന്നതിനിടയിൽ ഒരു ദിവസം ഓഫീസിലേക്ക് അസധാരണമായ ഒരു ഫോൺ കോൾ വന്നു.............

പരിചയമില്ലാത്ത ഒരു ശബ്ദം, സ്വയം പരിചയപ്പെടുത്തി "എന്റെ പേര് അമിത് പട്ടേൽ, ഞാൻ ചിക്കാഗോയിൽ നിന്ന് വിളിക്കുന്നു". ചിക്കാഗോയിൽ അങ്ങെനയൊരു പട്ടേലിനെ പരിചയമില്ലല്ലോ എന്ന് ചിന്തിക്കവെ അയാൾ പേരും വിവരങ്ങളും തിരക്കി, താൻ ഉദ്ദേശിക്കുന്ന ആളാണെന്ന് ഉറപ്പു വരുത്തിയതിനു ശേഷം പറയാൻ തുടങ്ങി.

ലണ്ടൻ എയർപ്പോർട്ടിലെ സെക്യുരിററി ചെക്കിനിടയിൽ തന്റെ സെൽഫോണണെന്ന് കരുതി എടുത്ത ഫോൺ മാറി പോയതാണെന്നും തന്റെ ഫോൺ ബാഗിൽ ഉണ്ടായിരുന്നെന്നും, ലണ്ടനിൽ നിന്ന് ചിക്കാഗോയ്കുള്ള പ്ളെയിനിൽ കയറിയപ്പോഴാണ് അറിയുന്നതെന്നും, അങ്ങെന സംഭവിച്ചതിൽ ഖേദമുണ്ടെന്നും പറഞ്ഞ അയാൾ ഫോൺ തിരികെ അയച്ചു തരാനുള്ള അഡ്രസ്സ് ആവശ്യപ്പെട്ടു............

ഫോൺ തിരികെ കിട്ടുന്നതിലുള്ള സന്തോഷത്തേക്കാൾ നന്മയുടെ ഉറവകൾ മനുഷ്യരിൽ വറ്റിയിട്ടില്ല എന്ന തിരിച്ചറിവ് മനസ്സിനെ തരളിതമാക്കി............